# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1459 03/05/2017-ൽ മറുപടിക്ക്

## കോസ്റ്റൽ റിസർവ് സോൺ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോസ്റ്റൽ റിസർവ് സോൺ പരിശോധനയ്ക്കായി സംസ്ഥാനത്ത് വിവിധ ലോക്കൽ ബോഡികളിൽ നിന്നും ലഭിച്ച അപേക്ഷകളുടെ പരിശോധന ആരംഭിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | സി.ആർ.ഇസഡ് അനുമതിയ്ക്കായുള്ള അപേക്ഷകളിൽ കേരള തീരദേശ പരിപാലന അതോറിറ്റി നടപടി സ്വീകരിച്ച് അനുമതി നൽകി വരികയാണ്. 2016 വർഷത്തിൽ ആകെ 1436 ഓളം അപേക്ഷകളിലും, 2017 നാളിതുവരെ 795-ഓളം അപേക്ഷകളിലും അതോറിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | പരിശോധനയുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | | |
| (സി) | ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിലേയ്ക്ക് അയച്ച അപേക്ഷകൾ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ടോ; | (സി) | ശാസ്ത്ര സാങ്കേതിക വകുപ്പിൽ ലഭിച്ച അപേക്ഷകൾ പ്രസ്തുത വകുപ്പ് തന്നെ അജണ്ട തയ്യാറാക്കി അതോറിറ്റിയുടെ മീറ്റിംഗുകളിലേക്ക് നൽകി വരികയാണ്. 2017 ജനുവരി മുതൽ ലഭിച്ച അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലേക്ക് മാറ്റി നൽകി വരികയാണ്. |
| (ഡി) | കോസ്റ്റൽ റിസർവ് സോൺ കൺകറൻസ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി മെയ് മാസത്തിൽ ഫയൽ അദാലത്ത് നടത്തി പരമാവധി അപേക്ഷകളിൽ തീർപ്പ കൽപ്പിക്കുന്നതിനായുള്ള നിർദ്ദേശം നിലവിലുണ്ട്. |
| (ഇ) | അപേക്ഷ സ്വീകരിച്ചതിന്റെ വിവരങ്ങൾ അപേക്ഷകനെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; റിയാസ് ജമീലയുടെ BL 555/15 നമ്പർ അപേക്ഷയുടെയും ഫസീല റംഷാദിന്റെ (കൊയിലാണ്ടി) BL/121/2016 നമ്പർ അപേക്ഷ | (ഇ) | അപേക്ഷകൾ പഞ്ചായത്ത്/മുനിസിപ്പൽ സ്ഥാപനങ്ങൾ മുഖേനയാണ് ലഭിക്കുന്നത്. തീർപ്പ കൽപ്പിക്കുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്തിനെയും അപേക്ഷകനെയും അറിയിക്കുന്നുണ്ട്. റിയാസ് ജമീലയുടെയും ഫസീല റംഷാദിന്റെയും അപേക്ഷയിൽ ടെക്നിക്കൽ |

| | | | |
|---|---|---|---|
| | യുടെയും ഇപ്പോഴത്തെ അവസ്ഥ ലഭ്യമാക്കുമോ? | | റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇത് മെയ് മാസത്തിൽ നടക്കുന്ന അതോറിറ്റിയുടെ യോഗത്തിൽ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ